# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3279 19.06.2018 ൽ മറുപടിയ്ക്ക്

**തമിഴ്നാട് ബസ്സുകളുടെ അനധികൃത ഓട്ടം**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തമിഴ്നാട് സർക്കാരിന്റെ ട്രാൻസ്പോർട്ട് ബസ്സുകൾ കോൺട്രാക്ട് ക്യാരേജ് ആയി കല്യാണങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കു മായി കേരളത്തിൽ വന്ന് പോകുന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | തമിഴ്നാട് സർക്കാരിന്റെ ട്രാൻസ്പോർട്ട് ബസ്സുകൾ നിയമാനുസൃതമല്ലാതെ സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ശ്രദ്ധയിൽ പ്പെട്ടാൽ ഇവിടെയും പിഴ ഈടാക്കാവുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് 10.4.2018 ന് മലയാള പത്രങ്ങളിൽ വാർത്ത വന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | | |
| (സി) | സമാന സാഹചര്യത്തിൽ കേരളത്തിലെ വാഹനങ്ങൾ തമിഴ് നാട്ടിൽ കടന്നാൽ ഭീമമായ തുക പിഴ ഈടാക്കുന്നതുപോലെ ഇവിടെയും പിഴ ഈടാക്കുന്ന കാര്യം പരിശോധിക്കുമോ; | | |
| (ഡി) | ചെക്ക് പോസ്റ്റുകളിൽ നിയമിതരായിരിക്കുന്ന മോട്ടോർവാഹന വകുപ്പ് ഉദ്യോഗസ്ഥരുടെ വിശദീകരണം വാങ്ങി നടപടി സ്വീകരിക്കുമോ; | | വിശദീകരണം ആവശ്യമാകുന്ന പക്ഷം തേടാറുണ്ട്. |
| (ഇ) | ചെക്ക് പോസ്റ്റുകളിൽ നിയമിതരായ എം.വി.ഐ, എ.എം.വി.ഐ. എന്നിവരുടെ ജോലി എന്താണെന്ന് വ്യക്തമാക്കുമോ? | | അന്യ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് വരുന്ന വാഹനങ്ങളിൽനിന്നും നിയമാനുസൃതമായ ടാക്സ് പിരിക്കുക, വാഹനങ്ങളുടെ കാര്യക്ഷമത റിക്കാർഡുകൾ, ഡ്രൈവറുടെ ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയവ പരിശോധിക്കുക എന്നീ കാര്യങ്ങൾ ഇവരുടെ ജോലിയുടെ ഭാഗമാണ്. |

സെക്ഷൻ ഓഫീസർ